**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/09/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



**പരിശുദ്ധ കന്യകാമറിയത്തിന്റെ**
**പിറവിത്തിരുനാൾ ആശംസകൾ**

സെപ്റ്റംബർ - 8

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 15
സെപ്റ്റംബർ 2018
ലക്കം 9




സെപ്റ്റംബർ 21-ന് നാമഹേതുക തിരുനാളും
23-ന് ജന്മദിനവും ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ. മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്
രൂപതാ കുടുംബത്തിന്റെ ആശംസകൾ


വി. മദർ തെരേസായുടെ
തിരുനാൾ ആശംസകൾ

# സഹ്യനാദം
ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 15
Issue No. : 9
Month : September 2018





## ഈ ലക്കത്തിൽ


| | |
|---|---|
| ദുരന്തബാധിതർക്ക് ഒരു കൈത്താങ്ങ് | 05 |
| കെ.സി.ബി.സി. സർക്കുലർ | 10 |
| രൂപതക്കച്ചേരി | 14 |
| ക്രിസ്തുജ്യോതി | 18 |
| വിദ്യാഭ്യാസം | 19 |
| സാമൂഹ്യസേവനം | 20 |
| കെ.സി.എസ്.എൽ. | 24 |
| കെ.സി.വൈ.എം. | 25 |
| ആത്മജ്യോതിയിലെ പരിപാടികൾ | 25 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 26 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 29 |



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com


***"The Eucharist, Jesus the Bread of Life, is the beating heart of the Church and renews in us the impulse to love."***

*Pope Francis, Tweet, 19-08-2018*

## ഓർമ്മിക്കാൻ

**സെപ്റ്റംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ**

| | | |
|---|---|---|
| 01 | : | എട്ടുനോമ്പാരംഭം, |
| 05 | : | കൊൽക്കത്തയിലെ വി. തെരേസ |
| 08 | : | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| | : | മഡോണ സിംഗിൾസ് മീറ്റ്, ആത്മജ്യോതി, അടിമാലി |
| 09-14 | : | വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 13 | : | വി. ജോൺ ക്രിസോസ്തോം |
| 14 | : | വി. കുരിശിന്റെ പുകഴ്ച |
| 16 | : | സ്ലീവാ ഒന്നാം ഞായർ |
| 16-21 | : | വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21 | ; | വി. മത്തായി ശ്ലീഹാ |
| 27 | : | വി. വിൻസെന്റ് ഡി പോൾ |
| 28-30 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ, |
| | : | വി. ജെറോം (30 ഞായർ) |
| 30 | : | ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ |

C. 17. **സർക്കുലർ**

# ദുരന്തബാധിതർക്ക് ഒരു കൈത്താങ്ങ്

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

വലിയ ഒരു ദുരന്തത്തിന്റെ ആഘാതത്തിലാണ് നാമെല്ലാവരും. കഴിഞ്ഞ മൂന്നു മാസത്തോളമായി തുടരുന്ന മഴയും അതിന്റെ ഫലമായി ഉണ്ടായ അപ്രതീക്ഷിത ദുരന്തങ്ങളും സമാനതകളില്ലാത്തതാണ്. കേരളത്തിലെ വലിയൊരു വിഭാഗം മനുഷ്യരും ഒരുപോലെ ഭീകരമായ പ്രതിസന്ധികളുടെ നടുവിലാണ്. നമ്മുടെ ജില്ലയിൽ തന്നെ ഇതുവരെയുള്ള സർക്കാർ കണക്കുപ്രകാരം55 പേർ മരിച്ചു.10 പേരുടെ മൃതശരീരങ്ങൾ ഇനിയും കണ്ടുകിട്ടിയിട്ടില്ല. 51 പേർക്ക് ഗുരുതരമായ പരിക്കേറ്റു. 1050 വീടുകൾ പൂർണ്ണമായും3250 വീടുകൾ ഭാഗീക മായും നശിച്ചു.10500 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചു.150 കോടി രൂപയുടെ നഷ്ടമുണ്ടായി.70 കിലോമീറ്റർ നാഷണൽ ഹൈവേ, 560 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുകൾ, 1496 കിലോമീറ്റർ പഞ്ചായത്ത് റോഡുകൾഎന്നിവ പൂർണ്ണമായും തകർന്നു. 211 ദുരിതാശ്വാസ ക്യാമ്പുകളിലായി 33636 പേർ ഉണ്ടായിരുന്നു. ദുരന്തത്തിൽജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കളോട് പ്രത്യേകം അനുശോചനം അറിയിക്കുന്നു. ഏതെങ്കിലും തരത്തിൽ നഷ്ടങ്ങൾ അനുഭവിക്കുന്നവരുടെ ദു:ഖത്തിൽ ഇടുക്കി രൂപതാ കുടുംബം ഒന്നാകെ പങ്കുചേരുന്നു. നാം ഒറ്റക്കെട്ടായി നിന്ന് പരസ്പരം സഹായിച്ചും സഹകരിച്ചും ഈ പ്രതിസന്ധിയെ തരണം ചെയ്യണം. ആരും നിരാശരാവുകയോ നഷ്ടധൈര്യരാകുകയോ ചെയ്യരുത്. തികഞ്ഞ ദൈവാശ്രയ ബോധത്തോടെ ഈ പ്രതിസന്ധിയെ നമുക്ക് അതിജീവിക്കണം.

നമ്മുടെ വൈദികരും സന്യസ്തരും വിശ്വാസിസമൂഹം മുഴുവനും തികഞ്ഞ ആത്മാർത്ഥതയോടെയും സമയോചിതമായ



രീതിയിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു എന്ന കാര്യം ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ പള്ളികളും, പാരീഷ് ഹാളുകളും, സ്കൂളുകളും, സന്യാസ ഭവനങ്ങളും സർക്കാർ തലത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് വിട്ടു നല്കുകയും ദുരന്തബാധിതരെ സഹായിക്കുന്നതിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തു. ദുരന്തബാധിതർക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിലും ഭക്ഷണം പാകം ചെയ്ത് വിളമ്പി നല്കുന്നതിലും ഇടവക ജനങ്ങളുടെ പങ്കാളിത്തം പ്രശംസനീയമായിരുന്നു. അവർക്ക് മാർഗ്ഗ നിർദ്ദേശം നല്കുന്നതിന് നമ്മുടെ വൈദികരും സിസ്റ്റേഴ്സും സദാ കൂടെയുണ്ടായിരുന്നു. ക്യാമ്പ് അംഗങ്ങൾക്ക് ആവശ്യമായ പുതപ്പ്, പായ, വസ്ത്രങ്ങൾ തുടങ്ങിയവ സമാഹരിച്ച് നല്കുന്നതിൽ ക്രെഡിറ്റ് യൂണിയൻ, AKCC, മാതൃവേദി, കെ.സി.വൈ.എം., വിൻസെന്റ് ഡി.പോൾ, മിഷൻലീഗ് തുടങ്ങിയ സംഘടനകൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ആശയവിനിമയ സംവിധാനങ്ങൾ തകരാറിലാകുകയും വഴികൾ എല്ലാം അടഞ്ഞുപോകുകയും ചെയ്തപ്പോഴും ഒന്നിനും കുറവില്ലാതെ ദുരിതബാധിതരെ സഹായിക്കുന്നതിൽ മുന്നിട്ടിറങ്ങിയ നിങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ മലയോര മേഖലയിൽ എല്ലാവരും ദുരിതക്കടലിൽ ആണെന്നുംഎന്നാൽ വലിയ നഷ്ടങ്ങൾ ഉണ്ടാകാതെ സുരക്ഷിതരായിരുന്നവർ അത് ദൈവപരിപാലനയാണെന്നും പ്രത്യേകം ഓർക്കണം. ദുരിതം അനുഭവിക്കുന്ന സഹോദരങ്ങൾക്ക് കൈത്താങ്ങ് ആകുവാനുള്ള വലിയ കടമ നമുക്കുണ്ട്. നമ്മിലെ നന്മയും കരുണയും കരുതലും കൂട്ടായ്മയും പ്രകടിപ്പിക്കുവാൻ ഉള്ള അവസരമാണിത്. നമ്മുടെ രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും രൂപതാകേന്ദ്രത്തിലെ വൈദികരും ദുരന്തബാധിതരെ സഹായിക്കുന്നതിനായി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. മിക്കവാറും ദുരിതാശ്വാസ

ക്യാമ്പുകളിൽ ഞാനും ബഹു. ജനറാളച്ചന്മാരും രൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടറും സന്ദർശനം നടത്തിയിരുന്നു.

മഹാഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ഇവിടെ കൃഷി നശിച്ചതിനാൽ പല കുടുംബങ്ങളും ദാരിദ്ര്യാവസ്ഥയിലാണ്. അതിനാൽ വളരെ ഗുരുതരമായ സാഹചര്യങ്ങളാണ് മഴക്കെടുതികൾക്ക് പിന്നാലെ നമ്മുടെ മുൻപിൽ ഉള്ളത്.

ദുരന്തത്തിൽ അകപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നാം ഒറ്റക്കെട്ടായി ഇനിയും പ്രവർത്തിക്കണം. നമ്മുടെ പരിശ്രമങ്ങൾ ഏറ്റവും ഫലപ്രദമാക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണം. വാസസ്ഥലം പൂർണ്ണമായും ഭാഗീകമായും നഷ്ടപ്പെട്ടവരെയും ജീവനോപാധികൾ നഷ്ടപ്പെട്ടവരെയും പ്രത്യേകം പരിഗണിച്ച് പുനരധിവസിപ്പിക്കുവാൻനാം മുൻപിൽ ഉണ്ടാകണം. ദുരന്തബാധിത മേഖലയിൽ വികാരിമാരുടെ നേതൃത്വത്തിൽ ഒരു പുനരധിവാസ കമ്മറ്റി ഉടൻ രൂപീകരിച്ച് കൃത്യമായ വിവരശേഖരണം നടത്തണം. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ അർഹതയുള്ളവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയാണ് അവരുടെ പ്രഥമ കടമ. കൂടാതെ നാം എല്ലാവരും ഉദാരമായി സംഭാവനകൾ നൽകിയും പുനരധിവാസ ശ്രമദാനങ്ങളിൽ പങ്കുചേർന്നും സഹകരിക്കണം. ജോലി ഉള്ളവർ ഒരു മാസത്തെ ശമ്പളം രൂപതാ തലത്തിലുള്ള പുനരധിവാസപ്രവർത്തനങ്ങൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റുള്ളവർ ഒരു മാസത്തെ വരുമാനം ഇതിനായി മാറ്റി വയ്ക്കണം. വിദേശത്ത് ജോലി ഉള്ള രൂപതാംഗങ്ങൾ എല്ലാവരും ഒരു മാസത്തെ വരുമാനം ഈ നിയോഗാർത്ഥം നല്കുകയാണെങ്കിൽ അത് വലിയ അനുഗ്രഹമായിത്തീരും. അടുത്ത ആറ് മാസത്തേയ്ക്ക് ആഘോഷങ്ങൾ പരമാവധി ഒഴിവാക്കി ആ തുകയും പുനരധിവാസത്തിന് നൽകാവുന്നതാണ്. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് സുരക്ഷിത സ്ഥലം ഇല്ലെങ്കിൽ ഇടവക തലത്തിൽ തന്നെ സൗജന്യമായി സ്ഥലം കണ്ടെത്തി നൽകണം. ''ദുരന്തബാധിതർക്ക് ഒരു കൈത്താങ്ങ്'' എന്ന പേരിൽ ഒരു സാമ്പത്തിക



സമാഹരണ യജ്ഞം രൂപതാടിസ്ഥാനത്തിൽ നമ്മൾ നടത്തുകയാണ്. ഇതിന്റെ അക്കൗണ്ട് വിവരങ്ങൾ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നികുതി ഇളവ് ഉള്ള സന്നദ്ധ സംഘടനയായതിനാൽ അതിന്റെ ആനുകൂല്യം അർഹരായവർക്ക് ലഭിയ്ക്കും. സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളെയും സഭാ സംവിധാനങ്ങളെയും വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ട്.

സമാഹരിക്കുന്ന തുക ആനുപാതികമായി ഇടവകതലത്തിലുള്ള കമ്മറ്റികൾ വഴിയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ പുനരധിവാസ ശ്രമങ്ങളിൽ പരിപൂർണ്ണമായി പങ്കുചേർന്ന് ഈ തുക ഫലപ്രദമായി ചെലവഴിക്കുന്നതിന് ജാഗ്രത കാട്ടണം. രൂപതാതലത്തിൽ വികാരി ജനറാളന്മാരുടെയും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. നാം നമ്മുടെ സഹോദരങ്ങളുടെ കാവൽക്കാരാണ്. ദുരന്തബാധിതരെ സഹായിക്കുന്നതിനുള്ള കടമ ദൈവം നമ്മെ ഏല്പിക്കുകയാണ്. നമുക്ക് ഒരുമിച്ച് ഈ ദൗത്യം നിർവ്വഹിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

+ മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപത മെത്രാൻ

(ഈ സർക്കുലർ ഇടവകയിൽ വായിച്ചിട്ടില്ലെങ്കിൽ ഏറ്റവും അടുത്ത ഞായറാഴ്ച വായിച്ച് വിശദീകരിക്കുകയും തുടർന്നു വരുന്ന ഞായറാഴ്ച സ്തോത്രക്കാഴ്ച സമാഹരിക്കുകയും വേണം. കൂടാതെ ആഘോഷാവസരങ്ങളിൽ പ്രത്യേകം പറഞ്ഞ് ചെലവ് ചുരുക്കുകയും ആ തുക പുനരധിവാസത്തിനായി സമാഹരിക്കുകയും വേണം. സമാഹരിച്ച തുക ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽനിന്നും എത്തുന്ന ആൾ വഴി കൊടുത്തുവിടണം.)

## Account Details

### General Account

Name of Account Holder : Highrange Development Society
Account Number : 0123053000037794
Name of the Bank : South Indian Bank
Branch : Idukki
IFSC Code : SIBL0000123

### FCRA Account (For Funds from abroad)

Name of Account Holder : Highrange Development Society
Account Number : 0239053000004040
Name of the Bank : South Indian Bank
Branch : Murickassery
IFSC Code : SIBL0000239
Tax Deduction U/S 80(G) of IT Act 1961No.AAATH3988C/09/15-16/T-0083/80G





C. 18.

# പുനരധിവാസം സംബന്ധിച്ച് കെ.സി. ബി.സി. പുറപ്പെടുവിച്ചിരിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

ഒന്നിനുപുറകെ ഒന്നായി തുടർച്ചയായ ദുരന്താനുഭവങ്ങളിലൂടെ നാം കടന്നുപോകുകയാണ്. സമീപകാലത്തൊന്നും കേരളം നേരിട്ടിട്ടില്ലാത്തത്ര അതിരൂക്ഷമായ ഒരു മഴക്കെടുതിയുടെ പിടിയിലാണ് നമ്മുടെ സംസ്ഥാനം ഇന്ന്. കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി സംസ്ഥാനത്തിന്റെ തെക്കേയറ്റം തിരുവനന്തപുരം മുതൽ വടക്കേയറ്റം കാസർഗോഡുവരെ പെയ്തിറങ്ങിയ അതിരൂക്ഷമായ പേമാരിയാണ് ഈ പ്രളയക്കെടുതിക്ക് കാരണം. കഴിഞ്ഞ അഞ്ചു ദശാബ്ദത്തിനിടയിൽ ഇത്രയും ഗുരുതരമായ ഒരു മഴക്കെടുതി കേരളം നേരിട്ടിട്ടില്ലെന്നുവേണം പറയാൻ. 1924 ലാണ് ഏതാണ്ട് ഇതിന് സമാനമായ ഒരു പ്രളയം നമ്മുടെ സംസ്ഥാനത്തെ ദുരിതത്തിലാഴ്ത്തിയത്.

ഇത്തവണ പേമാരി വിതച്ച പ്രളയക്കെടുതി പരിഹരിക്കാനാവാത്ത നാശനഷ്ടങ്ങളാണ് സംസ്ഥാനത്തിന് വരുത്തിവച്ചിരിക്കുന്നത്. പേമാരിയും ഉരുൾപൊട്ടലും 8316 കോടിയുടെ നാശനഷ്ടം കേരളത്തിനുണ്ടാക്കിയിരിക്കുന്നുവെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കണക്ക്. 14 ജില്ലകളെയും പ്രളയക്കെടുതി ബാധിച്ചിരിക്കുന്നു. കെടുതികൾക്കിരയായ കുടുംബങ്ങളിലെ ലക്ഷക്കണക്കായ ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവന്നു. ഇടുക്കി, വയനാട്, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലുണ്ടായ ഉരുൾപൊട്ടലുകൾ വൻനാശനഷ്ടമാണ് വരുത്തിവച്ചത്. വിവിധ ജില്ലകളിലായി 350 ലേറെ ഉരുൾപൊട്ടലുകൾ ഉണ്ടായി എന്നാണ് കണക്ക്. ഇവയുടെ ഫലമായി നൂറുകണക്കിന് ഏക്കർ കൃഷിസ്ഥലങ്ങളും ആയിരക്കണക്കിന് ഏക്ക

റിലെ കൃഷിയും നശിച്ച് നാമാവശേഷമായി. റോഡുകളും പാല ങ്ങളും ഒലിച്ചുപോയി. ഒരുവിമാനത്താവളം തന്നെ അടച്ചിടേണ്ടിവ ന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഒരുമാസത്തിലേറെയായി വെള്ളത്തിനടിയിലാണ്. കൃഷിനാശത്തിന്റെ കണക്ക് ഇനിയും തിട്ട പ്പെടുത്തിയിട്ടില്ല. ലഭ്യമായ കണക്കനുസരിച്ച് പ്രളയദുരന്തത്തിൽ ഇതി നോടകം 87 പേർക്ക് ജീവഹാനി നേരിട്ടു. ഒട്ടേറെ വീടുകളും കെട്ടി ടങ്ങളും പൂർണമായും ഭാഗികമായും തകർന്നു.

പേമാരിയെ തുടർന്ന് സംസ്ഥാനത്തെ 33 ജല സംഭരണിക ളിൽ നിന്നുള്ള വെള്ളം തുറന്നുവിടേണ്ടി വന്നു. ഇതുമൂലം നദികളു ടെയും പുഴകളുടെയും ഇരുകരകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉള്ളവർ പ്രളയദുരന്തത്തിലായി. താഴ്വാരമെന്നോ, മലയോര പ്രദേ ശമെന്നോ വ്യത്യാസമില്ലാതെ വിവരണാതീതമായ ദുരന്തമാണ് നമ്മുടെ കൊച്ചുകേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജന ജീവിതം സാധാരണനിലയിലേക്ക് കൊണ്ടുവരാൻ മാസങ്ങൾ തന്നെ വേണ്ടിവരും. ഇതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം ഉണ്ടായേ മതിയാകൂ.

അതിവൃഷ്ടിമൂലവും വിവിധ അണക്കെട്ടുകളിലെ വെള്ളം തുറന്നുവിടേണ്ടി വന്നതിനാലും കേരളത്തെ ബാധിച്ചിരിക്കുന്ന ഗുരു തരമായ പ്രളയക്കെടുതിയിൽനിന്ന് കേരളജനതയ്ക്കു മോചനം ലഭി ക്കാനും ദുരന്തമനുഭവിക്കുന്നവർക്ക് സാന്ത്വനം ലഭിക്കാനും ദൈവ സന്നിധിയിലേക്ക് പ്രാർത്ഥനയുടെ കരങ്ങളുയർത്താൻ എല്ലാ മനു ഷ്യരെയും കെ.സി.ബി.സി. ആഹ്വാനംചെയ്യുന്നു. എല്ലാ കത്തോ ലിക്കാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗത്തി നുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ സമൂഹപ്രാർത്ഥന നടത്തണ മെന്ന് മെത്രാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിശുദ്ധബലി യർപ്പണം, ദിവ്യകാരുണ്യ ആരാധന, ജപമാല, പരിത്യാഗ പ്രവൃത്തി കൾ തുടങ്ങിയഭക്താഭ്യാസങ്ങളിലൂടെ അവശത അനുഭവിക്കുന്ന വരുടെ ആശ്വാസത്തിനായി നാം പ്രത്യേകം പ്രാർത്ഥിക്കണം. അതോ ടൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു നേരത്തെ ഉപ വാസത്തിലൂടെയെങ്കിലും, 2018 ആഗസ്റ്റ് മാസം 26-ാം തീയതിയോ ടുകൂടി പിരിച്ചെടുക്കുന്ന തുക മാസാവസാനത്തിനുമുൻപുതന്നെ



കെ.സി.ബി.സി. സെക്രട്ടറിയേറ്റിൽ എത്തിക്കേണ്ടതാണ്. എല്ലാ സന്ന്യ സ്തസമൂഹങ്ങളും കത്തോലിക്കാസ്ഥാപനങ്ങളും തങ്ങളുടെ സംഭാ വനകൾ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് അയ യ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ തുക ഭാരതത്തിലെ എല്ലാ രൂപ തകളിൽ നിന്നും ശേഖരിക്കുന്ന സംഭാവനകളുമായി കൂട്ടിച്ചേർത്ത് സിബിസിഐയുടെ ആഭിമുഖ്യത്തിൽ കാരിത്താസ് ഇന്ത്യ വഴി കേര ളത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തന ങ്ങൾക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ സ്ഥാപനങ്ങളിൽ നല്ലൊരു പങ്കും ഇപ്പോൾത്തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. വലിയ തോതിൽ സാമ്പത്തികവും അല്ലാതെയുമുള്ള സമാഹരണ ങ്ങൾ ദുരിതബാധിതർക്കായി ഇടവകതോറും നടക്കുന്നുമുണ്ട്. കഴി യുന്ന എല്ലാവിധത്തിലും സർക്കാരിന്റെയും മറ്റു സന്നദ്ധ സംഘടന കളുടെയും ദുരിതനിവാരണ പരിപാടികളോടു ചേർന്ന് പ്രവർത്തി ക്കാൻ നമ്മുടെ എല്ലാ സംവിധാനങ്ങളും പ്രാദേശികതലത്തിൽ ശ്രദ്ധവയ്ക്കണം.

കെ.സി.ബി.സിയുടെ സാമൂഹിക ക്ഷേമവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സന്നദ്ധസംഘടനകളുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുൻനിരയിൽത്തന്നെയു ണ്ട്. അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, സർക്കാരു മായി സഹകരിച്ച് ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പങ്കുചേരാനും നമുക്കു പരിശ്രമിക്കാം. എല്ലാവരു ടെയും അകമഴിഞ്ഞ സഹകരണവും പിന്തുണയും ഇക്കാര്യത്തിലു ണ്ടാകണം. നമ്മുടെ എല്ലാ ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ സജ്ജമാക്കണം. യുവജനങ്ങൾ രൂപതാ സാമൂഹ്യക്ഷേമവിഭാഗവു മായി സഹകരിച്ച് സന്നദ്ധ സേനയായി പ്രവർത്തിക്കണം.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിങ്ങൾ നല്കിയ

ഔദാര്യപൂർവകമായ സഹകരണം ഇക്കാര്യത്തിലും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ഇത്തരുണത്തിൽ, ദുരന്തനിവാരണത്തിനായി ക്രിയാത്മകമായി ഇടപെടുന്ന കേരള സർക്കാരിനെയും കേന്ദ്രസർക്കാരിനെയും ബന്ധപ്പെട്ട വകുപ്പുകളെയും മാധ്യമപ്രവർത്തകരെയും സംഘടനകളെയും വ്യക്തികളെയും കെസിബിസി പ്രത്യേകം അഭിനന്ദിക്കുന്നു. രാഷ്ട്രീയമോ മതപരമോ സാമൂഹികമോ ആയ വ്യത്യാസങ്ങളില്ലാതെ മനുഷ്യനന്മയ്ക്കായി കേരളം കരംകോർക്കുന്ന കാഴ്ച ഏറെ ആശ്വാസം പകരുന്നതാണ്.

പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ ദൈവത്തിലാശ്രയിച്ച് കാരുണ്യത്തിന്റെ കരങ്ങൾ കോർത്ത് നമ്മുടെ സഹോദരങ്ങളുടെ ദുരിതങ്ങൾ ദുരീകരിക്കാം. പ്രളയ ദുരിതത്തിലും മഴക്കെടുതിയിലും പെട്ടു കഴിയുന്ന എല്ലാ സഭാംഗങ്ങളോടും മറ്റെല്ലാ പ്രിയപ്പെട്ടവരോടുമുള്ള സ്നേഹവും ഐക്യദാർഢ്യവും അറിയിക്കുന്നു. ഈ പ്രതിസന്ധി മറികടക്കാൻ സർവശക്തനായ ദൈവം നമ്മെ ശക്തരാക്കട്ടെ!

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

| | |
|---|---|
| Account Holder | :KERALA CATHOLIC BISHOPS' COUNCIL POC, Palarivattom, Kochi - 682 025 |
| Bank Account | :S.B. A/c No. 0423053000005221 |
| Name of Bank | :The South Indian Bank Ltd., Vennala Branch, Vennala P.O., Kochi-682 028, Kerala |
| IFSC | :SIBL0000423 |

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





## C. 56/18 Reconstituted Finance Council Members

1. V. Rev. Msgr. Jose Plachickal (Proto- Syncellus)
2. V. Rev. Msgr. Abraham Purayattu (Syncellus)
3. V. Rev. Fr. Joseph Thachukunnel (Finance Officer)
4. Sri. Jose Kappan CA
5. Sri. Sunny N.P.
6. Sri. Augustine Kizhakkel

*Bishop*

## C. 57/18 Appointment

V. Rev. Fr. George Thakadiyel - Chancellor (Additional Charge)

*Bishop*

## C. 58/18 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന യുവവൈദികർക്കായി 2018 നവംബർ 19, 10.30 am മുതൽ നവംബർ 21, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2012 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

## C. 59/18 ഒക്ടോബർ മാസവും ജപമാല ഭക്തിയും

നമ്മുടെ ഇടവകകളിലും പ്രത്യേകമായി ഓരോ ഭവനത്തിലും ഒക്ടോബർ മാസം ജപമാലയുടെ മാസമായി ഉചിതമായി ആചരിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. കൂടുതൽ ത്യാഗപൂർവ്വം വി. കുർബാനയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടു

ക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 60/18 വൈദികരുടെ വാർഷിക ധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം ഒന്നാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 09-14 തീയതികളിലും രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 16-21 തീയതികളിലും അടിമാലി ആത്മ ജ്യോതിയിൽ നടത്തപ്പെടുന്നു. ധ്യാനത്തിന്റെ വിശദവിവരങ്ങൾ 2018 ജൂലൈ മാസത്തിലെ സഹ്യനാദത്തിൽ കാണുക.

ധ്യാനാവസരത്തിൽ കുമ്പസാര അനുവാദ പത്തേന്തി പുതുക്കേണ്ടതും കുർബാന കണക്കുകൾ പരിശോധനയ്ക്കായി നല്കേണ്ടതുമാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 61/18 രൂപതക്കച്ചേരിയുടെ ഫോൺ

രൂപതക്കച്ചേരിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മാത്രമായി താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

+91 9188 22 08 52

*Proto-Syncellus*

## C. 62/18 വൈദികരുടെ 2018-ലെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥന

*"അവിടുന്ന് തന്റെ വചനമയച്ച് അവരെ സൗഖ്യമാക്കി. വിനാശത്തിൽനിന്നും വിടുവിച്ചു" (സങ്കീ. 107:20).*

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. അങ്ങ് ഞങ്ങൾക്കായി ഒരുക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇടുക്കി രൂപതയിലെ



എല്ലാ വൈദികരേയും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിച്ചു കൊണ്ട് സെപ്റ്റംബർ മാസത്തിൽ നടക്കുന്ന വൈദികർക്കായുള്ള വാർഷിക ധ്യാനത്തിന്റെ വിജയത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥി ക്കുന്നു. ധ്യാനം നയിക്കുന്ന ഡൊമിനിക് വാളന്മനാൽ അച്ചനേയും, ബോബി എമ്പ്രയിൽ അച്ചനേയും, ടീം അംഗങ്ങളേയും, ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാ വൈദികരേയും പരിശുദ്ധാത്മാവിന്റെ അഭിഷേ കത്താൽ നിറയ്ക്കണമേ. ധ്യാനശുശ്രൂഷകളേയും അതിനായുള്ള എല്ലാ ക്രമീകരണങ്ങളേയും ആശീർവദിക്കണമേ. ഒരു പുതിയ പെന്തക്കൊസ്ത അനുഭവം ഞങ്ങളുടെ അജപാലകരിൽ നിറച്ച് അതുവഴി ഞങ്ങളുടെ ഇടവകയെയും, രൂപതയെയും അനുഗ്രഹിക്ക ണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമ്മേൻ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

NB: ഈ പ്രാർത്ഥന നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സെപ്റ്റംബർ 21 വരെ ചൊല്ലേണ്ടതാണ്.

*Proto-Syncellus*

## C. 63/18 A Summary report of the Presbyteral Council

An ordinary meeting of the Presbyteral Council of the eparchy was held on 25th July 2018 at the Bishop's House Karimpan, in which the members discussed the following matters.

It would be good to appoint a receptionist at the Bishop's House.

Tuesday and Friday would be the convenient days for the people to approach the Curia. Meeting pointed out the need to constitute an Eparchial Construction Committee in which it is expedient to have engineers, architect, advocate and even retired village officers and the like. The committee should visit the place on reception of application for any construction works. Construction work should be start only after getting the written

permission from the eparchial curia.

The council discussed about raising the allowance of priests. Members of the council suggested that financial assistance from the religious congregations of those who teach in eparchial institutions could be sought for the common cause of the eparchy. It is advised that the administration and financial status of all the institution owned by the eparchy be supervised at determined intervals in a year. It will be expedient to constitute a commission to submit a studied report on the retreats conducted in the eparchy. It is good to give a direction that the existing numbers of daily mass should not be variated without prior written permission from the Eparchial Curia. So also starting new novenas and the like without such a permission is to be avoided. Presbyteral Council discussed about the use of Nasik dolls in parish festal celebrations. Finally, the meeting opined that reorganizing and expanding the eparchial social service department shall be of much significance in relation to the development of the Highranges.

*Presbyteral Council Secretary*

### C. 64/18 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. മാത്യു തൊട്ടിയിൽ | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു അരീപ്ലാക്കൽ | " |
| റവ. ഫാ. മാത്യു ചെറുപറമ്പിൽ | " |
| റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ | " |
| റവ. ഫാ. മാത്യു തടത്തിൽ | " |
| റവ. ഫാ. മാത്യു തറമുട്ടം | " |
| റവ. ഫാ. മാത്യു വളവനാൽ | " |
| റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ | " |
| റവ. ഫാ. മാത്യു ഇരുമ്പുകുത്തിയിൽ | " |
| റവ. ഫാ. മാത്യു പുതുപറമ്പിൽ | " |
| റവ. ഫാ. മാത്യു അഴകനാക്കുന്നേൽ | " |
| റവ. ഫാ. മാത്യു അരയത്തിനാൽ | " |
| റവ. ഫാ. മാത്യു കുഴികണ്ടത്തിൽ | " |
| റവ. ഫാ. മാത്യു പൊന്നമ്പേൽ | " |
| റവ. ഫാ. മാത്യു വെങ്ങാലൂർ | " |
| റവ. ഫാ. മാത്യു മടുക്കക്കുഴി | " |
| റവ. ഫാ. മാത്യു ഞവരക്കാട്ട് | " |
| റവ. ഫാ. മാത്യു മേയ്ക്കൽ | " |
| റവ. ഫാ. മാത്യു തകരപ്പിള്ളിൽ | " |
| റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ | സെപ്റ്റംബർ 26 |
| റവ. ഫാ. മൈക്കിൾ മാളിയേക്കൽ | സെപ്റ്റംബർ 29 |

*Bishop*

## ക്രിസ്തുജ്യോതി

### CJ. 58/18 മതാദ്ധ്യാപകരുടെ സ്റ്റഡിഫോറം

മതാദ്ധ്യാപകരുടെ സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും സെപ്റ്റംബർ 16-നാണ് നടത്തേണ്ടത്.

### CJ. 59/18 ലോഗോസ് ക്വിസ് 2018

ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച 2 മണി മുതൽ 3.30 വരെയാണ് നടത്തുന്നത്. ഒക്ടോബർ 1-ാം തീയതി തിങ്കളാഴ്ച്ച 6 pm ന് മുമ്പായി ഉത്തരകടലാസുകളും രജി. ഷീറ്റും അതാതു വിതരണ കേന്ദ്രങ്ങളിലോ ക്രിസ്തുജ്യോതി ഓഫീസിലോ എത്തിക്കേണ്ടതാണ്. ഉത്തരകടലാസുകൾ രജി. ഷീറ്റിലേതുപോലെ ഗ്രൂപ്പ് തിരിച്ച് അക്ഷരമാല ക്രമത്തിൽ അടുക്കി നൽകേണ്ടതാണ്. പരീക്ഷ എഴുതുന്നവർക്കായുള്ള ഹാൾടിക്കറ്റ്

നെറ്റിൽ നിന്ന് മുൻകൂട്ടി എടുത്ത് രജിസ്ട്രേഷൻ നമ്പരുകൾ പരീക്ഷ എഴുതുന്നവർക്ക് നൽകേണ്ടതാണ്.

**CJ. 60/18 ഒന്നാം ടേം പരീക്ഷ**

ഒന്നാം ടേം പരീക്ഷ ഒക്ടോബർ 7-ാം തീയതി തന്നെ എല്ലാ ഇടവകകളിലും നടത്തണം. ചോദ്യപേപ്പറുകൾ ഒക്ടോബർ 6 ന് അതാതു വിതരണ കേന്ദ്രങ്ങളിൽനിന്നും കൈപ്പറ്റാവുന്നതാണ്. വിതരണ കേന്ദ്രങ്ങൾ ചുരുളി, അടിമാലി ആത്മജ്യോതി, രാജാക്കാട്, കുഞ്ചിത്തണ്ണി, ചെമ്മണ്ണാർ, നെടുംകണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്സ് ഹൗസ്, മുരിക്കാശ്ശേരി (രാജപുരം, മങ്കുവ, രാജമുടി, പെരിഞ്ചാംകുട്ടി, ജോസ്പുരം, വാത്തിക്കുടി, തോപ്രാംകുടി, ഉദയഗിരി, കനകക്കുന്ന് എന്നീ ഇടവകളുടെ ചോദ്യപേപ്പറുകളാണ് മുരിക്കാശ്ശേരിയിൽ ഉണ്ടാകുക) ഉത്തരപേപ്പറുകൾ ഇടവകകളിൽ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പരീക്ഷ എഴുതുന്ന കുട്ടികൾ ഉത്തരകടലാസുകൾ കൊണ്ടുവരേണ്ടതാണ്. 1 മുതൽ 9-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകത്തിലെ 1 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽനിന്നും X, XI, XII ക്ലാസുകളിലെ കുട്ടികൾക്ക് 1 മുതൽ 8 വരെ അദ്ധ്യായങ്ങളിൽനിന്നും ആണ് ചോദ്യങ്ങൾ ഉണ്ടാവുക.

## CORPORATE EDUCATIONAL AGENCY

**Edn. 20/18 ഇന്റർവ്യൂ**

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ HST (Maths), HST (English) എന്നീ തസ്തികകളിൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി 07-09-2018 -ന് രാവിലെ 10 മണി മുതൽ രൂപത കാര്യാലത്തിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതാണ്.



## സോഷ്യൽ സർവ്വീസ്

**SS 99/18 പ്രകൃതികൃഷിപരിശീലനം**

കാരിത്താസ് ഇൻഡ്യയും സൗത്ത് ഏഷ്യൻ റൂറൽ റീകൺസ്ട്രക്ഷൻ അസോസിയേഷനും സംയുക്തമായി സംസ്ഥാന തലത്തിൽ കർഷക പ്രതിഭകൾക്കായി ഒരുക്കിയ പ്രകൃതികൃഷി പരിശീലനം സൊസൈറ്റി ഓഫീസിൽ നടന്നു. ആഗസ്റ്റ് 8, 9, 10 തിയതികളിൽ നടന്ന പരിശീലനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 27 കർഷകർ പങ്കെടുത്തു. ശ്രീമതി രോഹിണി റെഡ്ഡിയും ഡോ. വി.ആർ. ഹരിദാസും പ്രധാന പരിശീലകരായിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ ലിസ്സമ്മ സാജൻ പരിശീലനം ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സിബി മാളിയേക്കൽ, എബിൻ കുറുന്താനത്ത്, സി. ആൽബി എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി.

**SS 100/18 ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

സൊസൈറ്റി ദുരിതബാധിതരെ സഹായിക്കുന്നതിനായി എല്ലാ ശ്രമങ്ങളും നടത്തിവരുന്നു. ക്യാമ്പുകളിലേക്ക് എത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുന്നതിന് നിർദ്ദേശം നൽകി. പായ, പുതപ്പ്, വസ്ത്രങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം ക്യാമ്പുകളിൽ എത്തിച്ചു. മറ്റ് അത്യാവശ്യ സേവനങ്ങളും ലഭ്യമാക്കുന്നതിന് സഹായിച്ചു. പിതാവിന്റെയും വികാരി ജനറാളന്മാരുടെയും നേതൃത്വത്തിൽ ദുരന്തമേഖലകളും, ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് ആശ്വാസം പകർന്നിരുന്നു. വിവിധ സഹായ സംഘടനകളെ ഈ വിവരം അറിയിച്ച് ബന്ധപ്പെട്ടിട്ടുണ്ട്. ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്നവരിൽ 2500 കുടുംബങ്ങളിലെങ്കിലും കൊടുക്കണം എന്ന ഉദ്ദേശ്യത്തോടെ ഭക്ഷ്യ ഉത്പന്നങ്ങളുടെ കിറ്റുകൾ സമാഹരിച്ച്

നൽകി വരുന്നു. സ്റ്റാഫ് അംഗങ്ങൾ എല്ലാവരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്തു. പുനരധിവാസ ശ്രമങ്ങളിൽ സജീവമായി പങ്കുചേരണമെന്ന ഉദ്ദേശ്യത്തോടെ സാമ്പത്തിക സമാഹരണത്തിനായി ബാങ്ക് അക്കൗണ്ട് തുറന്ന് ഉദാരമതികളുടെ സഹകരണം തേടി വരുന്നു.

## SS 101/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി 8 പേർക്ക് ചികിത്സയ്ക്കായി 20000 രൂപയും 3 പേർക്ക് ഭവന നിർമ്മാണത്തിനായി 18000 രൂപയും നൽകി.

## SS 102/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ ഓഗസ്റ്റ് മാസത്തിൽപി.വി. അശോക് കുമാർ പുത്തൻവീട്ടിൽ തോപ്രാംകുടി, ജോസ് കുരുവിളആലുംമൂട്ടിൽ പുഷ്പകണ്ടം, ജെസ്സി മാത്യു വലിയ പറമ്പിൽ നെല്ലിപ്പാറ എന്നിവർതങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 103/18 ഹരിതനിറവ് പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിത നിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനായി 2018 ഓഗസ്റ്റ് മാസത്തിൽ ജോസ്പുരംയൂണിറ്റിൽ 26 കുടുംബങ്ങൾക്കായി 1460000 രൂപ വിതരണം ചെയ്തു.

## SS 104/18 ഹരിതാഭം പദ്ധതി ലോൺ വിതരണം

നബാർഡിന്റെയും ഇടുക്കി ജില്ലാ കോർപ്പറേറ്റീവ് ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി കീരിത്തോട്യൂണിറ്റിൽ 150000 രൂപയും, കഞ്ഞിക്കുഴി യൂണിറ്റിൽ



400000 രൂപയും, ആൽപ്പാറ യൂണിറ്റിൽ125000 രൂപയുംവായ്പ നൽകി.

## SS 105/18 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**എഴുകുംവയൽ**

എഴുകുംവയൽ യൂണിറ്റിന്റെ വാർഷികം ജൂലൈ മാസം 29-ാം തിയതി ഉച്ചകഴിഞ്ഞ് 2.30 ന് നടന്നു. രക്ഷാധികാരി ഫാ. ജോർജ്ജ് പാട്ടത്തേക്കുഴി അദ്ധ്യക്ഷത വഹിച്ച യോഗം എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻകൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു.എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ 2 കുട്ടികൾക്കുള്ള അവാർഡ് ദാനം ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**കീരിത്തോട്**

കീരിത്തോട് യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് മാസം 5-ാം തിയതി 12 മണിയ്ക്ക് നടത്തി. രക്ഷാധികാരി ഫാ. തോമസ് പാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. ബാലവേദി സംഘത്തിന്റെ ഉദ്ഘാടനംക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**തട്ടേക്കണ്ണി**

തട്ടേക്കണ്ണിയൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് മാസം 5-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടത്തി. രക്ഷാധികാരി ഫാ. ഡൊമിനിക് കാരിവേലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മുഖ്യ പ്രഭാഷണം നടത്തി. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ്

ശ്രീമതി കുഞ്ഞമ്മ തോമസ് യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**വെൺമണി**

വെൺമണി യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് മാസം 7-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടത്തി. രക്ഷാധികാരി ഫാ. ലൂക്കാ തച്ചാപറമ്പത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽസൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മുഖ്യ പ്രഭാഷണം നടത്തി. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. ബിനോയി മലേപ്പറമ്പിൽ ജൈവ കൃഷിയെക്കുറിച്ച് ക്ലാസ്സ് എടുത്തു. സംഘാംഗങ്ങൾക്കെല്ലാവർക്കും ജൈവ വിത്തുകൾ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**കനകക്കുന്ന്**

കനകക്കുന്ന്യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് മാസം 8-ാം തിയതി നടത്തി. രക്ഷാധികാരി ഫാ. ജോസഫ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് ആനിമേറ്റർ ശ്രീമതി ഷൈനി മാത്യു എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**തങ്കമണി**

തങ്കമണി യൂണിറ്റിന്റെ വാർഷികം 09-08-2018 ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് തൈച്ചേരി അദ്ധ്യക്ഷത വഹിച്ച യോഗം ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.



**കാന്തിപ്പാറ**

കാന്തിപ്പാറ യൂണിറ്റ് വാർഷികം ഓഗസ്റ്റ് 11-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടത്തി. രക്ഷാധികാരി ഫാ. ജെയിംസ് തെള്ളിയാങ്കൽ അദ്ധ്യക്ഷത വഹിച്ച വാർഷികത്തിന് എച്ച്.ഡി.എസ്. പ്രോജക്ട് ഓഫീസർ സിബി തോമസ് ഉദ്ഘാടനം ചെയ്തു. വാർഷിക ആഘോഷങ്ങൾ വേണ്ടായെന്ന് വച്ച് ആ തുക സൊസൈറ്റിയിലെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് കാന്തിപ്പാറ യൂണിറ്റ് മാതൃകയായി. ബാലവേദി കുട്ടികളുടെയും സംഘാംഗങ്ങളുടെയും വിവിധ കലാപരിപാടികൾ വാർഷികത്തിന് മാറ്റ് കൂട്ടി. എച്ച്.ഡി.എസ്. പ്രോജക്ട് കോർഡിനേറ്റർ ബിനീഷ് കോട്ടൂർ, ആനിമേറ്റർ ശ്രീ. സണ്ണി മൈലാടൂർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കെ.സി.എസ്.എൽ.

**KCSL 26/18** **അറിയിപ്പ്**

മഴക്കെടുതിയാൽ മനസ്സു തകർന്നിരിക്കുകയാണ് കേരള സമൂഹം. നാശനഷ്ടങ്ങളിൽ നിന്നും മാനസീക സംഘർഷങ്ങളിൽ നിന്നും മോചിതരാകുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. സംഘടനയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം നടത്താനിരുന്ന പ്രസംഗ, സാഹിത്യ പരിശീലന കളരി, രൂപതാ ലീഡേഴ്സ് കാമ്പ് എന്നിവ നമ്മൾ ഇതിനോടകം മാറ്റിവച്ചിരുന്നല്ലോ. നിലവിലെ പ്രത്യേക സാഹചര്യത്തിൽ കാര്യങ്ങൾ കൂടുതൽ വിലയിരുത്തി നമ്മുടെ ഭാവി പരിപാടികളെക്കുറിച്ച് പിന്നീട് ബഹു. ആനിമേറ്റേഴ്സിനെ അറിയിക്കുന്നതാണ്.

## കെ.സി.വൈ.എം.

**KCYM 15/18**

മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളെ കെ.സി.വൈ.എം. -ന്റെ നേതൃത്വത്തിൽ സന്ദർശിച്ച് സഹായങ്ങൾ നല്കി.

**KCYM 16/18**

യുവജനങ്ങൾ എല്ലാവരും ഇടവകയുടെ നേതൃത്വത്തിൽ ദുരിതമനുഭവിക്കുന്ന ഇടവകകൾ സന്ദർശിച്ച് കഴിവിന് പരമാവധി സഹായിക്കാൻ ശ്രമിക്കുമല്ലോ.

## ആത്മജ്യോതിയിലെ പരിപാടികൾ

**സെപ്റ്റംബർ 2018**

08 : മഡോണ സിംഗിൾസ് മീറ്റ്
09 - 14 : വൈദികരുടെ വാർഷിക ധ്യാനം
16 - 21 : വൈദികരുടെ വാർഷിക ധ്യാനം
28 - 30 : വിവാഹ ഒരുക്ക ധ്യാനം





## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2018**

26 ഇരട്ടയാർ അൽഫോൻസാ ഭവൻ കോൺവെന്റിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

28 തങ്കമണി അൽഫോൻസാ നഗർ പള്ളിയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* രാജാക്കാട് ഇടമറ്റം കപ്പൂച്ചിൻ ആശ്രമത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

29 അടിമാലി മാർസ്ലീവാ തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന ബിരുദാന ചടങ്ങിൽ അദ്ധ്യക്ഷപദം അലങ്കരിച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

* കോട്ടയം നീണ്ടൂർ ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

30 കാഞ്ഞിരപ്പള്ളിയിൽവച്ച് നടന്ന റീജണൽ ബിഷപ്സ് ധ്യാനത്തിൽ പങ്കെടുത്തു.

**ആഗസ്റ്റ് 2018**

04 വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് കുന്നോത്ത് മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

06 ആലുവ CST Philosophate -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

07-11 കാക്കനാട് നടന്ന മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

11 ചേർപ്പുങ്കൽ ഇടവകയിൽ മാമ്മോദീസ പരികർമ്മം ചെയ്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ഗുഡ്നെസ് കൂട്ടായ്മയുടെ വാർഷിക കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

12 മച്ചിപ്ലാവ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* കൊരങ്ങാട്ടി ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് അവർക്കായി പ്രാർത്ഥിച്ചു.

* അടിമാലി ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ച് ദുരിതമനുഭവിക്കുന്നവർക്കായി പ്രാർത്ഥിച്ചു.

* കീരിത്തോട് ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു.

13 പണിക്കൻകുടി, മുനിയറ, പന്നിയാർകുട്ടി എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

15 ചുരുളി ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും കോൺഫ്രൻസ് ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

* ആൽപ്പാറ, മണിപ്പാറ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

16 ശാന്തിഗ്രാം ഇടവകയിൽ സേക്രട്ട് ഹാർട്ട് സഭാംഗമായ മ്ശംശാന ജെയിംസ് വലിയവീട്ടിലിന് തിരുപ്പട്ടം നല്കി.

* നീലിവയൽ ഇടവകയിൽ പ്രകൃതിക്ഷോഭം ഉണ്ടായ പ്രദേശങ്ങൾ സന്ദർശിച്ചു.

17 വിമലഗിരി, മരിയാപുരം എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

19 മണിയാറൻകുടി, പനംകുട്ടി, മുക്കുടം, പൊൻമുടി, പാറത്തോട് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

20 പാവനാത്മാ കോളേജ്, പെരിഞ്ചാംകുട്ടി, ബഥേൽ, പോത്തുപാറ,





എല്ലക്കല്ല്, മേരിലാന്റ്, രാജാക്കാട് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

21 പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോതമംഗലം, പാലാ, കാഞ്ഞിരപ്പള്ളി എന്നീ ബിഷപ്സ് ഹൗസുകൾ സന്ദർശിച്ചു.

22 മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ച് ഇടുക്കി രൂപതയിലെ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

23 രാജമുടി, കല്ലാർകുട്ടി, അടിമാലി, നായ്ക്കുന്ന്, കല്ലാർ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

24 ബിഷപ്സ് ഹൗസിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിന്റെയും മഴക്കെടുതിയാൽ ദുരിതമനുഭവിക്കുന്ന ഇടവകകളിലെ വികാരിയച്ചന്മാരുടെയും സംയുക്തസമ്മേളനത്തിൽ പങ്കെടുത്തു.

* ഉപ്പുതോട്, നെടുങ്കണ്ടം എന്നിവിടങ്ങളിൽ മഴക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെ സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

25 താന്നിക്കണ്ടത്ത് പ്രകൃതിക്ഷോഭം മൂലം ബുദ്ധിമുട്ടുന്നവരെ സന്ദർശിച്ചു.

26 ഉപ്പുതോട് പ്രദേശത്ത് മഴക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവർക്കായി ഉപ്പുതോട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് വി. കർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

* കോമ്പയാർ, സ്ലീവാമല എന്നീ ഇടവക ദൈവാലയങ്ങളോടനുബന്ധിച്ചുണ്ടായ നാശനഷ്ടങ്ങൾ സന്ദർശിച്ച് വിലയിരുത്തി.

* കട്ടക്കാല ഇടവകയിലെ പ്രകൃതിക്ഷോഭ പ്രദേശങ്ങൾ സന്ദർശിച്ചു.

27 ഇടുക്കി രൂപത കാര്യാലയത്തിലെത്തിയ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവുമായി ദുരിതബാധിതരുടെ പുനരധിവാസത്തെപ്പറ്റി ചർച്ച ചെയ്തു.

# BISHOP'S ENGAGEMENTS

**സെപ്റ്റംബർ 2018**

| | | |
|---|---|---|
| 01 | 10.00 am | CRI Meeting, അടിമാലി |
| 02 | 07.30 am | വി. കുർബാന, രാജകുമാരി |
| * | 03.30 pm | വി. കുർബാന, താന്നിക്കണ്ടം |

Sept. 03 - Oct. 25 Visit to Rome and Germany

